ഉത്തരം

(എ) ഉണ്ട്.

(ബി) ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടം കാരണം ജോലിക്ക് ഹാജരാകാതിരുന്ന ദിവസങ്ങളിലെ ശമ്പളവും അലവൻസുകളും ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ജീവനക്കാർക്ക് സാധാരണ ഗതിയിൽ നൽകുന്ന ശമ്പളവും അലവൻസുകളും മാത്രം നൽകുന്നതിനാൽ ഈ വിഭാഗത്തിൽ പ്രത്യേക ചെലവ് വേണ്ടി വരുന്നില്ല.

(ഡി) സാമ്പത്തിക നേട്ടമൊന്നും ഇല്ല.

കെ.എസ്.ഇ.ബി.-യുടെ ആസ്തിയും കടബാധ്യതയും

17 (384) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.-യുടെ കടബാധ്യത എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഇ.ബി. നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം ലഘൂകരിക്കുവാനും മറ്റ് ആവശ്യങ്ങൾക്കുമായി വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കടം ലഘൂകരിക്കണം എന്ന പേരുപറഞ്ഞ് ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു ; യൂണിറ്റിന് ഓരോ പ്രാവശ്യം എത്ര രൂപ നിരക്കിൽ ; എത്ര പ്രാവശ്യം സെസ്സ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ ; എത്ര പ്രാവശ്യം കോഷൻ ഡെപ്പോസിറ്റ് വർദ്ധിപ്പിച്ചു ; എത്ര രൂപ നിരക്കിൽ ; വർഷം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ താൽക്കാലിക കണക്ക് പ്രകാരമുള്ള ആസ്തി 30693.14 കോടി രൂപയും 23-11-2015-ലെ കടബാദ്ധ്യത 5905.11 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-3-2011-ലെ കണക്കു പ്രകാരം 1384.13 കോടി രൂപയാണ്.

(സി) വായ്പയുടെയും പലശിയിനത്തിൽ പ്രതിമാസം അടയ്ക്കേണ്ട തുകയുടെയും സ്ഥാപനം തിരിച്ചുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) വൈദ്യുതി ബോർഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന അതിന്റെ പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച (ARR&ERC) പെറ്റീഷനു മേൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, ഇലക്ട്രിസിറ്റി ആക്ട് 2003-ലെയും താരിഫ് പോളിസിയിലെയും വ്യവസ്ഥകൾ അനുസരിച്ച് തീർപ്പ് കൽപ്പിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. ഇപ്രകാരം, പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡ് കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷൻ സമർപ്പിക്കുകയും നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കമ്മീഷൻ താരിഫ് പരിഷ്കരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്നു പ്രാവശ്യം അതായത് 1-7-2012 മുതലും 1-5-2013 മുതലും 16-8-2014 മുതലുമാണ് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്.

വൈദ്യുതി ചാർജിൽ ഓരോ തവണയും വരുത്തിയ വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നിലവീലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജിൻമേൽ സെസ്സ് ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക വർഷം തോറും വർദ്ധിപ്പിച്ച് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല. എന്നാൽ 1-4-2014 മുതൽ നിലവിൽവന്ന കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡിലെ ചട്ടങ്ങൾ പ്രകാരം മാസം തോറും ബില്ല് ചെയ്യപ്പെടുന്ന ഉപഭോക്താവ്, എഗ്രിമെന്റ് കാലയളവിൽ പ്രതിമാസ ശരാശരി ബിൽ തുകയുടെ രണ്ടിരിട്ടി തുകയും, ദ്വൈമാസം ബില്ല് ചെയ്യപ്പെടുന്ന ഉപഭോക്താവ് പ്രതിമാസ ശരാശരി ബിൽ തുകയുടെ മൂന്നു മടങ്ങിനു തുല്യമായ തുകയും, ലൈസൻസിയിൽ കുറുതൽ നിക്ഷേപം (സെക്യൂരിറ്റി ഡെപ്പോസിറ്റ്) ആയി നിലനിർത്തേണ്ടതുണ്ട്.

എന്നാൽ പ്രതിമാസം 30 യൂണിറ്റിനു താഴെ ഉപയോഗിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളും, മുൻകൂറായി പണമടച്ച് ചാർജ് ചെയ്യാവുന്ന തരത്തിലുള്ള മീറ്റർ സ്ഥാപിച്ചിട്ടുള്ള (Pre-paid meter) ഉപഭോക്താക്കളും കുറുതൽ നിക്ഷേപം നിലനിർത്തേണ്ടതില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിലുള്ള പാദവർഷത്തിൽ ലൈസൻസിയുടെ പക്കലുള്ള കരുതൽ ധന മുൻ സാമ്പത്തിക വർഷത്തിലെ പ്രതിമാസ ശരാശരി ബിൽ തുകയുടെ നിശ്ചിത മടങ്ങിനു തുല്യമാണോ എന്ന് പരിശോധിക്കുന്നതും കരുതൽ നിക്ഷേപത്തുക അധികമാണെങ്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നതും (പരമാവധി രണ്ടു ബില്ലിൽ അഡ്ജസ്റ്റ് ചെയ്യുന്നതും) നിക്ഷേപത്തുക കുറവാണെങ്കിൽ ഉപഭോക്താവിന്റെ പക്കൽ നിന്നും കുറവുള്ള തുക ഈടാക്കുന്നതുമാണ്. കൂടാതെ ലൈസൻസിയുടെ പക്കലുള്ള കരുതൽ നിക്ഷേപത്തിന്, ബാങ്ക് ഗ്യാരന്റിയുള്ള പലിശ ലൈസൻസി നൽകേണ്ടതാണ്.

കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

18 (385) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ 2015 നവംബർ 30 വരെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട് ; കാറ്റഗറി തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകുമോ ;

(ബി) കരാർ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ കെ.എസ്.ഇ.ബി. യിൽ നിലവിൽ ജോലി ചെയ്തു വരുന്നുണ്ട് ; വിശദവിവരം നൽകുമോ ;

(സി) ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 3586 തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) രണ്ടു പേർ

1. ചീഫ് ഇന്റേണൽ ആഡിറ്റർ
2. ലാൻഡ് കോ-ഓർഡിനേറ്റർ

സ്ഥിരം ജീവനക്കാരുടെ സേവനം മാത്രം ഉപയോഗിച്ച് വിതരണ വിഭാഗത്തിലെ എല്ലാ ജോലികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ പല പ്രവൃത്തികളും കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നില്ല.

(സി) ചീഫ് ഇന്റേണൽ ആഡിറ്റർ, ചീഫ് പേഴ്സണൽ ഓഫീസർ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly